
പുലരി
മുതലിമാരൻ മെമ്മോറിയൽ
ഗവൺമെന്റ് ഹൈസ്ക്കൂൾ
കാപ്പിസെറ്റ്

## താളുകളിലൂടെ

എം എം ജി എച്ച് എസ്  കാപ്പിസെറ്റ് ചരിത്രം ........................................... 9
പ്രളയത്തിൽ നഷ്ടപ്പെട്ട കുടുംബം ...........................................................12
വർത്തമാന സമൂഹത്തിൽ നവ മാധ്യമങ്ങളുടെ സ്വാധീനം ......................... 14
ഥേൽസ് ................................................................................... 17
THE LITTLE BOY ........................................................................ 19
വിദ്യ എന്ന ആഗ്രഹം ...................................................................... 20
ഗണിതപ്പാട്ട്..................................................................................23
छाया मेरी साथी........................................................................25
കേരളീയഗണിതം.............................................................................27
പ്രമുഖ വ്യക്തികളുടെ ജീവചരിത്രങ്ങൾ.....................................................31
മുതലിമാരൻ മാസ്റ്റർ ഒരു അനുസ്മരണം..................................................39
ജീവൻ ഹനിക്കുന്ന വിപത്ത്.................................................................42
ഒരു ഗണിത കഥ.............................................................................48
നിയമത്തിന്റെ ഭാഷ..........................................................................49
ടോളമി സിദ്ധാന്തം..........................................................................50
ന്യൂട്ടൺ.........................................................................................51
ഇന്റർനെറ്റിന്റെ ദൂഷ്യ വശങ്ങൾ.............................................................52
പത്തു പത്തിരി.................................................................................54
വളപ്പൊട്ടുകൾ.................................................................................55
സ്റ്റുഡന്റ് പോലീസ് കേഡറ്റ്സ് പച്ചക്കറി വിളവെടുപ്പിനിടയിൽ.........................56
ജൈവവൈവിധ്യ പാർക്കിന്റെ സുഖ ശീതളതയിൽ......................................57
എസ് എസ് എൽ സി വിദ്യാർത്ഥികൾക്കുള്ള മോട്ടിവേഷൻ ക്ലാസ്സ്.................58
Our Specialities..............................................................................59

പുലരി

# മുതലിമാരൻ മെമ്മോറിയൽ ഗവ: ഹൈസ്ക്കൂൾ കാപ്പിസെറ്റ് ചെറ്റപ്പാലം പി ഒ,പുൽപ്പള്ളി







## ആശംസകൾ

നമ്മുടെ സ്ക്കൂളിലെ ആദ്യ സംരഭമായ 'e' മാഗസിൻപ്രസദ്ധീകരണത്തിന് എല്ലാവിധമംഗളങ്ങളും നേരുന്നു.

പ്രാർത്ഥനകളോടെ

കാപ്പിസെറ്റ് ഹെഡ്മാസ്റ്റർ

16-01-2019 M M G H S KAPPISET

# എഡിറ്റോറിയൽ ബോർഡ്

ദേവപ്രസാദ്
ഉദയ് കെ സുരേഷ്
ബെറ്റ്സൺ മാത്യു
സേതുലക്ഷ്മി പ്രസാദ്
ദേവിക മുരുകൻ
നന്ദ വി പി
സഞ്ജിത്ത് കുമാർ
അഭിരാം പി ആർ
ഹൃദ്യനന്ദന
ഗോപിക പി ജി
ഇമ്മാനുവൽ സാജ് എബ്രഹാം



# എഡിറ്റോറിയൽ



സ്കൂൾ ഡിജിറ്റൽ മാഗസിൻ-
അതൊരു വല്ലാത്ത
അഭിനിവേശമാണ്.
പക്ഷേ, പരിമിതികൾ........
ഇതുകൊണ്ടുതന്നെയാണ്
മിക്കസ്കൂൾ മാഗസിനുകളും
പരാജയമാകുന്നത്.
ഈ അവസ്ഥയിൽനിന്ന് ഭിന്നമല്ല
"പുലരിയും".
വിലയിരുത്തുമ്പോൾ ഉണ്ടാകാവുന്ന
എല്ലാ ഇകഴ്ത്തലുകളും
മനസിൽ പേറിക്കൊണ്ട്
നിങ്ങൾക്ക് മുൻപിൽ അവതരിപ്പിക്കട്ടെ,
ഈ ഹൃദയപുസ്തകം.
സ്നേഹാശംസകളുടെ
കൈയൊപ്പോടെ,

നിങ്ങളുടെ

എഡിറ്റർ       അഭിറാം പി ആർ

# സമർപ്പണം

**പുലരിയുടെ ഏറ്റവും നല്ല വിമർശകർക്ക്**






2018-19

പുലരി

# ലിറ്റിൽ കൈറ്റ്സ് 2018-19







# എം . എം . ജി  .എച്ച് .എസ്

# കാപ്പിസെറ്റ്

## ചരിത്രം

അറുപതുകളുടെ  ഉത്തരാർദ്ധം.ജീവിതത്തിൻെറ പുതിയ പച്ചപ്പുകൾ തേടി ചുരം  കയറിയെത്തിയ  കർഷകർ ,  പുൽപ്പള്ളിയിലെ കുടിയേറ്റത്തിൻെറ അവസാനഘട്ടം അവർക്ക് ഇവിടത്തെ വന്യസ്ഥലികളിൽ ജീവിതത്തിന്റെ ഊടും പാവും ആദ്യംമുതലെ നെയ്തു തുടങ്ങേണ്ടിയിരുന്നു. നിത്യോപയോഗസാധനങ്ങൾ വേണം,മരുന്നു വേണം,വിദ്യാഭ്യാസം വേണം.....ഇങ്ങനെ ഒരുപാട് പ്രശ്നങ്ങൾ.ഒപ്പം മലമ്പനിയുടെ നാടായിരുന്ന വയനാട്ടിലെ പ്രകൃതിയോടുംവന്യമൃഗങ്ങളോടും പോരാടണം.

കർണ്ണാടക വനത്തോടു ചേർന്നു കിടക്കുന്ന ശശിമല,കാപ്പിസെറ്റ് പ്രദേശങ്ങളിൽ കുടിയേറിയ കൃഷിക്കാർക്ക് പുൽപ്പള്ളി,മാനന്തവാടി,പനമരം തുടങ്ങിയപ്രദേശങ്ങളെ ആശ്രയിച്ചു വേണമായിരുന്നു തങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ.ഇതിൽ  ഏറ്റവും  പ്രധാനമായിരുന്നു വിദ്യാഭ്യാസം.വഴികളില്ലാത്ത  വഴികളിലൂടെ  കാട്ടുപാത-കളിലൂടെ  വിദൂരസ്ഥലങ്ങളിൽ  നടന്നെത്തി പഠനം കഴിഞ്ഞെത്തുന്ന കുട്ടികളെ  വഴികണ്ണു-മായി  കാത്തിരിക്കേണ്ടി വന്ന  രക്ഷിതാക്കളുടെ  ആശങ്കയാണ്  കാപ്പിസെറ്റ് ഗവ. യു. പി സ്കൂൾ  ആരംഭത്തിനു കാരണ-മെന്നു സമാന്യമായി പറയാം.

അപര്യാപ്തതകളുടെഈപീഠഭൂമിയിൽമനുഷ്യൻഎന്നകേവലക്കൂട്ടായ്‌രൂപപ്പെട്ടു അവിടെ  ജാതിമതഭിന്നതകളില്ലായിരുന്നു സംഘടനകൊണ്ട്  ശക്തരാകാനും വിദ്യകൊണ്ട്  പ്രബുദ്ധരാകാനും

## പുലരി

ഉറയിറങ്ങിയവർ.1970-ലാണ് കാപ്പിസെറ്റ് സ്ക്കൂൾ എന്ന
ആശയത്തിൻെറ ബീജാവാപം. അനൗപ-ചാരിക ചർയകളിൽനിന്ന്
ഔപചാരിക-രൂപം കൈവന്നത് ശ്രീ കിഴിയത്ത്-
പരമേശ്വരൻ നായർ പ്രസിഡൻറായി ഒരു
ജനകീയ കമ്മറ്റി രൂപീകരിച്ചതോടെയാണ്.
സർവ ശ്രീ വി. എസ്. പുരുഷോത്തമൻ,
എ. ഡി. തോമസ് പരണംകുന്നത്ത് വാസു,
ഈ സംഘടിത നീക്കങ്ങൾക്ക് പ്രകാശമാനമായ ഒരു മറുവശമുണ്ട്.
അത് ആദിവാസി ഗോത്രത്തലവനായ
ശ്രീ.മുതലിമാരൻ മാസ്റ്ററുടെ നീക്കങ്ങളാണ്.
ഊരാളി വിഭാഗത്തിൻെറ ഊരുമൂപ്പനായിരു-
ന്ന അദ്ദേഹം. പുൽപ്പള്ളി ക്ഷേത്രത്തിലെ ഊ-രാളനായിരുന്നു മുതലിമാസ്റ്റർ.
തനിക്കും തൻെറ വിഭാഗക്കാർക്കുമായി പുൽപ്പള്ളി ദേ-
വസ്വത്തിൽനിന്നും കാപ്പിസെറ്റിൽ അനുവദിച്ചുകിട്ടിയ 100 ഏക്കർ സ്ഥലം
കൈയേറ്റങ്ങളിലൂടെ അന്യാധീനപ്പെടുന്ന സാഹചര്യം ഒഴിവാക്കാനായി മാസ്റ്റർ
മുഴുവൻസ്ഥലത്തും മുത്താറി വിതയ്ക്കുന്ന പതിവ് സ്വീ-
കരിച്ചു. അതോടൊപ്പം ഒരു സ്ക്കൂൾ നിർമ്മിക്കാനുള്ള തറ കെട്ടി .
അക്ഷരങ്ങളുടെവെള്ളിവെളിച്ചത്തിലേക്ക് തൻെറ ജനതയെ
കൈപിടിച്ചുയർത്താനുള്ള മഹനീയ ദൗത്യ-ത്തിന് ഈ ഗോത്രത്തലവൻ
തന്നെആരംഭം കുറിച്ചു എന്നതും ചരിത്രത്തിലെ ഒരനന്യസംഭവമാകാം.

## പുലരി



# പ്രളയത്തിൽ നഷ്ട്പ്പെട്ട

## കുടുംബം




പണ്ട് പണ്ട് ഒരിക്കൽ ഞാനും
എൻെറ കുടുംബവും വളരെ അധികം
സന്തോഷത്തിൽ ഇരിക്കുകയായിരുന്നു
അന്ന് നല്ല മഴ ഉണ്ടയിരുന്നു. എൻെറ
വീട് ഒരു കുന്നിൻെറ അടുത്തായിരുന്നു. എനിക്ക്
അറിയില്ലായിരുന്നു......ഉരുൾ പൊട്ടലിൽ
എൻെറ കുടുംബം നഷ്ടപ്പെടും എന്ന് ഞാൻ കരു-
തിയില്ല. സന്ധ്യക്ക് കടലിലേക്ക് പോയതായിരുന്നു
പെട്ടന്ന് ഞാൻ ഒരു നിലവിളി കേട്ടു ഞാൻ തിരി-
ഞ്ഞു നോക്കുമ്പോൾ കുന്നിടിഞ്ഞ് എൻെറ വീടി-
ൻെറ മുകളിലേക്ക് വീണിരുന്നു.

ഞാൻ ഉടനെത്തന്നെ ഫയർ-
ഫോഴ്സിനെയും പോലീസിനെയും വിവരം അറി-
യിച്ചു. അവർ വേഗത്തിൽ എത്തി. എന്നാലും
എൻെറ കുടുംബത്തെ രക്ഷിക്കാൻ അവർക്ക് ക-
ഴിഞ്ഞില്ല. പിന്നെ അതിനിടയിൽ നിന്ന് എൻെറ
**കുടുംബത്തെ ഞാൻ കണ്ടു. പിന്നെ അവർ**

## പുലരി

എന്നെദുരിദ്വശ്വസ ക്യമ്പിൽ ആക്കി. അപ്പോൾ ഞാൻ അവിടെ കണ്ടകാഴ്ച്ച അതി മനോഹരം ആയിരുന്നു. അവിടെ എല്ലാജ്ജാതിമതസ്ഥരും ഒന്നിച്ചിരുന്നു.അത് എനിക്ക് വിശ്വസിക്കാൻ കഴി-ഞ്ഞില്ല.ഇനിയെങ്കിലും നാം ജ്ജാതിമതങ്ങൾ മറന്ന് ഒന്നായി പുതിയൊരു കേരളം നിർമ്മിക്കാം.

by

Salini VII B



vishakh 7b

# വർത്തമാന സമൂഹത്തിൽ നവമാധ്യമങ്ങളുടെ സ്വാധീനം

## ഇന്റർനെറ്റ്,നന്മയും തിന്മയും



നമുക്കറിയാം ഇന്ന് ലോകം വളരെ വേഗത്തിൽ വളരുകയാണ്. അതിൽ നവമാധ്യമങ്ങളുടെ പങ്ക് ചെറുതല്ല. അതുപോലെ മറ്റൊരു കാര്യവുമുണ്ട്. മനുഷ്യസമൂഹത്തിൻെറ ഒരുഭാഗം തളരുകയാണ്. അതിലും നവമധ്യമങ്ങളുടെ പങ്ക് ചെറുതല്ല.

നവമാധ്യമങ്ങൾ നമ്മുടെ സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനം ദിനപ്രതി നമുക്ക് കാണാൻ കഴിയും .പണ്ട് കത്തുകൾ കൊണ്ടാണ് നമ്മൾ അകലെയുള്ളവരുടെ വിശേഷങ്ങൾ അറിഞ്ഞിരുന്നത്.എന്നാൽ ഇന്റർനെറ്റ് വന്നതോടെ,ലോകത്തെവിടെയിരിക്കുന്ന ആളെയും നമുക്ക് കണ്മുന്നിൽ കണാൻ കഴിയും.

## നവമാധ്യമങ്ങൾ കൊണ്ടുള്ള ഗുണങ്ങൾ

**ഇന്ന് നവമാധ്യമങ്ങൾ നമുക്ക് മുന്നിലേക്ക് ഒരു വിശാലമായ ലോകമാണ് തുറന്നിടുന്നത്.അതിൽ ജോലിസാധ്യതകളും വളരെ കൂടുതലാണ്.**
**കംപ്യൂട്ടറിന്റെ**കണ്ടെത്തലോടെയാണ് ഐ.ടി സാങ്കേതിക വിദ്യയുടെ വളർച്ച ആരംഭിക്കുന്നത്.പിന്നീട് മൊബൈൽ ഫോണായും.സ്മാർട്ട് വാച്ചായുമെല്ലാം ഈ കപ്യൂട്ടറിന് മാറ്റം വന്നിട്ടുണ്ട് ഇപ്പോഴും വന്നുകൊണ്ടിരിക്കുന്നു.

## ഇന്റർനെറ്റ്

വളരെ വേഗം വളർച്ച പ്രാപിച്ച ഒരു ശൃംഗലയാണ് ഇൻെററർനെറ്റ്. ഇൻെററർനെറ്റിൻെററ വളർച്ച. നവ മാധ്യമങ്ങളുടെ സൃഷ്ടിക്ക് വഴിതെളിച്ചു. നവമാധ്യമങ്ങൾ എന്ന് പറഞ്ഞാൽ നമുക്കറിയാം, ഫെസ്ബുക്ക്,റ്റ്വിറ്റർ,ഇൻസ്റ്റാഗ്രാം,വാട്സാപ്പ്,...... ഇങ്ങനെ വളർന്നുകിടക്കുകയാണവ .ഇന്ന് വാട്സാപ്പിലോ,ഫേസ്ബുക്കിലോ അംഗമല്ലാത്ത ആളുകൾ വിരളമാണ്.

ഇന്റർനെറ്റ് നമ്മെ എത്തിക്കുന്നത് വിശാലമായ ഒരു ലോകത്താണ്. ഉദാഹരണത്തിന് ഷോപ്പിങ്, പണ്ട് കടകൾ കയറിയിറങ്ങി ഷോപ്പിങ് ചെയ്ത് കൊണ്ടിരുന്ന നമ്മൾക്ക് ഇപ്പോൾ വീട്ടിലിരുന്ന് ഷോപ്പിങ് ചെയ്യാം. അതും വീട്ടിലെത്തിച്ചുതരും.ഇപ്പോൾ ആഹാരസാധനങ്ങൾ വരെ വീട്ടിലെത്തിച്ചുകൊടുക്കുന്നു.

ഇന്റർനെറ്റിന്റെ  വളർച്ച നമ്മുടെ സമൂഹത്തിൽ ഒരുപാട് ഗുണം ചെയ്യുന്നുണ്ടെങ്കിലും അതിന് ചില ദൂഷ്യവശങ്ങളും ഉണ്ട്.

Kiran Peter,10A

# <u>തേൽസ്</u>

ജനനകാലം ബി.സി 640 നോടടുത്താണെന്ന് പറയുന്നു.ഗ്രീക്ക് ഗണിതശാസ്ത്രത്തിൻെറഉപജ്ഞാതാവാണ് തേൽസ്. തേൽസ് ഈജിപ്റ്റിൽനിന്ന് ക്ഷേത്രഗണിതവും ബാബിലോണിലെ താൽസിയൻ രാജാവിൽ നിന്ന് ജ്യോതിശാസ്ത്രവും സ്വായത്തമാക്കിയത്രേ.തേൽസിനെ ക്രാന്തദർശിയായ ഒരു രാജ്യതന്ത്രജ്ഞാനിയായിട്ടാണ് ചിത്രീകരിച്ചിരി-ക്കുന്നത്. ബി.സി 585 മെയ് മാസം 28-ാം തീയതി ഒരു പൂർണ സൂര്യഗ്രഹണം ഉണ്ടാകുമെന്ന് തേൽസ് പ്രവചിച്ചു. ഈ പ്രവചനം സത്യമായി.

ത്രികോണങ്ങളേയും,വൃത്തങ്ങളേയും സംബന്ധിക്കുന്ന നിരവധി സിദ്ധാന്തങ്ങ-

ൾ അദ്ദേഹം പുതുതായി കണ്ടെത്തി. നിഴലിൻെറ നീളമളന്ന് പിരമിഡുകളുടെ ഉയരംകണക്കാക്കാൻ കഴിയുമെന്ന് അദ്ദേഹം വെളിവാക്കി. ഓരോ വ്യാസവും വൃത്തത്തെ 2 സമഭാഗങ്ങളായി ഭാഗിക്കുന്നു. സമദ്വിഭുജത്രികോണം 2 ഋജുരേഖകൾ അന്യോന്യം ഖ-ണ്ഡിക്കുമ്പോഴുണ്ടാകുന്ന വിപരീത വിപരീത കോണുകൾ തുല്യങ്ങളാണ്, അർധവൃത്തത്തിലെ കോൺ സമകോണാണ്. പാദവുംപാദകോണുകളും തന്നാൽ ത്രിഭുജം വരയ്ക്കാം,തുടങ്ങിയ

ക്ഷേത്ര-ഗണിതസിദ്ധാന്തങ്ങൾ അവതരിപ്പിച്ചത്

തേൽസാണെന്ന് വിശ്വസിക്കപ്പെടുന്നു.

**പരിണതപ്രജ്ഞനായ ആ മഹാപുരുഷൻ സ്വദേശമായ മിലേത്തുസിൽ ഒരു വിദ്യാലയം സ്ഥാപിച്ചു. ഗ്രീസിൻെറ**

# നാനാഭാഗങ്ങളിൽനിന്നുവിജ്ഞാനാന്വേഷികൾ

## പുലരി

തീർത്ഥയാത്രതുടങ്ങി..പൈഥഗോറസ്സടങ്ങിയഗ്രീക്ക്തത്ത്വചിന്തയുടെയുംശാസ്ത്രഗവേഷണത്തിൻെറയും ചുക്കാൻ പിടിച്ച പ്രഗത്ഭമതികൾ ഈ വിശ്വവിദ്യാലയത്തിൽ പയറ്റി തെളിഞ്ഞവരാണ്.

ബി.സി 545 നും 548 നും ഇടയ്ക്കു നടന്ന 58-ാമത് ഒളിമ്പിക് മത്സരങ്ങൾ ഗ്രീക്ക്ജനതയുടെ മുഴുവൻ ശ്രദ്ധാവിഷയമായി.വൃദ്ധനായഥേൽസ്കായികമത്സരങ്ങൾ കാണുവാനായി യാത്ര തിരിച്ചു. അദ്ദേഹം എവിടെ താമസിച്ചുവെന്നോ എത്രനാൾ കഴിച്ചുകൂട്ടിയെന്നോ രേഖകളില്ല.ഒളിമ്പിക് നഗരത്തിൻെറ ഏതോ പ്രാന്ത പ്രദേശത്തു വെച്ച് ആ തേജസ്ഫുലിംഗം പൊലിഞ്ഞുപോയതായിരിക്കണം.

- അലീഷ ജോയ്
8B

# The Little Boy Lost

*Father,father,where are you going*
*Oh do not walk so fast*
*Speak father,speak to your little boy*
*Or else i shall be lost,*

*The night was dark*
*No father was there*
*The child was wet with dew*
*The mire was deep*
*and the child did weep.*
*And away the vapour flew.*

*William Blake*

*Collected by*
*Akshay 7B*

# വിദ്യ എന്ന ആഗ്രഹം

ഒരിടത്ത് ഒരിടത്ത് ഒരുഗ്രാമത്തിൽ സുഖമായി താമസിച്ചിരുന്ന ഒരു കുടുംബം.ആ കുടുംബത്തിൽ അച്ഛൻ,അമ്മപിന്നെ ഒരു മകനും ഉണ്ടായിരുന്നു.ആ മാതാപിതാക്കളുടെ ഏക പ്രതീക്ഷ അവരുടെ മകനിലായിരുന്നു.

ഒരു ദിവസം കുട്ടി സ്ക്രൂളിൽ പോകാനായി വീട്ടിൽ നിന്നും ഇറങ്ങി.പോകുന്നവഴിയിൽ അധിശക്തമായ കാറ്റ് വന്നു.കുട്ടി പേടിച്ചുപോയി.കുട്ടി വീട്ടിലേക്ക് ഓടിപോയി.അവൻ വീട്ടിലെത്തി.അവൻ മാതാപിതാക്കൾ തിരക്കുന്നു.ആരെയും കാണുന്നില്ല,അവന് ഭയമായി.അവൻ പുറത്തേക്ക് ഇറങ്ങി.നടക്കാൻ തുടങ്ങി.പെട്ടെന്ന് ശക്തമായി മഴ പെയ്യുന്നു.മഴ പോലെ അവന്റെ കണ്ണുനീർ.അവന് വല്ലാതെ വിശക്കുന്നു.റോഡ് നിറയെ വെള്ളം.കുട്ടി നടക്കുന്നതിനിടയിൽ ആൾക്കാരുടെ നെട്ടോട്ടം.കുട്ടിയെ ആരും ശ്രദ്ധിക്കുന്നില്ല.ആരോ അവനെ തള്ളിയിട്ടു.

കുട്ടി കരഞ്ഞുകൊണ്ടേയിരുന്നു.വിശപ്പിനിടയിൽ
അവന് എന്തു ചെയ്യണമെന്ന് അറിയില്ല.നടന്ന്
അവൻ ഒരു ഓടയുടെ അടുത്തെത്തി.ആൾക്കാർ
അവിടെ ഭക്ഷണം വലിച്ചെറിയുന്നു.അവൻ അവിടെ
ചിന്തിച്ചു നിന്നു.പെട്ടെന്ന് അവന്റെ മനസ്സിലേക്ക്
അവന്റെ മാതാപിതാക്കളുടെ ഓർമ്മ
കടന്നുവന്നു.അവന് അവന്റെ വിഷമം
അടക്കാനായില്ല.അങ്ങനെ
രാത്രിയായി.എല്ലായിടവും വെള്ളം കവിഞ്ഞ്
ഒഴുകുന്നു.എവിടെ എത്തിയെന്ന് പോലും കുട്ടിക്ക്
അറിയില്ല.മൃഗങ്ങളുടെ ഗർജ്ജനങ്ങൾ,അപ്പോൾ
എനിക്ക് മനസ്സിലായി ഞാനൊരു
കാട്ടിലാണെന്ന്.അന്നത്തെ ദിവസം ഞാൻ
പേടിച്ചിട്ട് കിടന്നില്ല.അങ്ങനെ നേരം
വെളുത്തു.അവിടുത്തെ പഴങ്ങൾ കഴിച്ച് ഞാനെന്റെ
വിശപ്പടക്കി.അവൻ മാതാപിതാക്കളെ കുറിച്ച്
ചിന്തിച്ചിരിക്കുമ്പോൾ,ഒരു കാളവണ്ടിയുടെ ശബ്ദം
കേട്ടു. കുട്ടി ആ ഭാഗത്തേക്ക് ഓടി പോയി.അങ്ങനെ
ആ കാളവണ്ടിക്കാരനോട് തന്റെ അനുഭവം
പറഞ്ഞു.അവന്റെ വിഷമം കണ്ട് അയാൾക്ക്

സഹതാപം തോന്നി.അയാൾ അവനെ
വീട്ടിലെത്തിച്ചു.അവനെ കണ്ടപ്പോൾ
മാതാപിതാക്കൾക്ക് സന്തോഷമായി.

ദേവികൃഷ്ണ എസ്.വിനോദ്
7-B

# ഗണിത പാട്ട്

പത്ത് തത്ത പൊത്തിൽനിന്ന് പാറിപ്പാറി പോകുമ്പോൾ
പത്തിലൊന്ന് കൂട്ടം വിട്ടാൽ ബാക്കിയെണ്ണം എത്ര?
ഒമ്പത്,ഒമ്പത്,ഒമ്പത്.........
ഒമ്പതോണ പൂക്കൾ കാട്ടിൽ കാറ്റിലാടിടുമ്പോൾ
ഒമ്പതിൽ ഒന്ന് വീണാൽ ബാക്കിയെണ്ണം എത്ര?
എട്ട്,എട്ട്,എട്ട്.........
എട്ട് പാട്ട മിഠായി തുള്ളിത്തുള്ളിയാടുമ്പോൾ
എട്ടിലൊന്ന് പൊട്ടിപ്പോയാൽ ബാക്കിയെണ്ണമെത്ര?
ഏഴ്,ഏഴ്,ഏഴ്..........

## പുലരി

ഏഴ് വാഴത്തൈകൾ കാറ്റിലാടിനിൽക്കുമ്പോൾ
ഏഴിലൊന്നിൻ നടുവൊടിഞ്ഞാൽ ബാക്കിയെണ്ണമെത്ര?
ആറ്,ആറ്,ആറ്..........
ആറ് താറാക്കുഞ്ഞുങ്ങൾ നീന്തി നീന്തി പോകുമ്പോൾ
ആറിലൊന്ന് മാറിപ്പോയാൽ ബാക്കിയെണ്ണമെത്ര?
അഞ്ച്,അഞ്ച്,അഞ്ച്........
അഞ്ച്പിഞ്ചുകുഞ്ഞുങ്ങൾ ബെഞ്ചിലൊന്നിരിക്കുമ്പോൾ
അഞ്ചിലൊന്ന് കൊഞ്ചിനിന്നാൽ ബാക്കിയെണ്ണമെത്ര?
നാല്,നാല്,നാല്.......
നാല് നാരകത്തൈകൾ കാറ്റിലാടിടുമ്പോൾ
നാലിലൊന്ന് വീണുപോയാൽ ബാക്കിയെണ്ണമെത്ര?
മൂന്ന്,മൂന്ന്,മൂന്ന്.......
മൂന്ന് മുരിക്കുട്ടന്മാർ ചാടി ചാടി കളിക്കുമ്പോൾ
മൂന്നിലൊന്നോടിപ്പോയാൽ ബാക്കിയെണ്ണമെത്ര?
രണ്ട്,രണ്ട്,രണ്ട്.......
രണ്ട് രാജാക്കന്മാർ യുദ്ധം ചെയ്തിടുമ്പോൾ
രണ്ടിലൊരാൾ വീണുപോയാൽ ബാക്കിയെണ്ണമെത്ര?
ഒന്ന്,ഒന്ന്,ഒന്ന്........

- സേതുലക്ഷ്മി പ്രസാദ്
9A

# छाया, मेरी साथी



मैं तो चलती रही। कब होगी इस यात्रा का अंत?....मेरी पूरी यात्राओं में वह मेरा पीछा करती रही।न जाने क्यों.... मैं कितनी बार कह चुकी हूँ उससे कि मुझे अकेला छोड दो। पर वह सुनने का नाम तक नहीं लेती।

मैं हमेशा अकेला रहना चाहती हूँ। अपने जीवन की यात्राओं में , मैं अकेली ही हुँ न?....कभी-कभी मुझे ऐसे महसुस होता था कि कोई मेरा हाथ दें तो कितना राहत मिल जाता , अगर कोई मेरे साथ थे तो कितना अच्छा होता। कोई भी नहीं मिला.... ऐसा मुझे कोई भी नहीं मिला।

तभी तो मैं आप ही यह फैसला ले ली कि अब मैं अकेली ही रहूँगी ; मुझे कोई साथी नहीं चाहिए।

पर....वह तो कितना अजीब है?....उसके सामने तो मैं हार गयी हूँ। कितना बेशरम है वह....सौ बार कहने पर भी मेरा पीछा नहीं छोडता। इस दुनिया में कोई ऐसा भी होता है?....


लेकिन ..... मैं समझ गयी कि वह मुझे कभी-भी छोडनेवाली नहीं है,अब मैं समझ गयी कि उसके बिना मेरा जीना भी संभव नहीं है।ओ मेरी प्यारी सहेली छाया , तुम्हारे बिना मेरा क्या जीना।

- शालिनी टी.सी    H S A HINDI

# _കേരളീയ ഗണിതം

കേരളീയ ഗണിതം ചരിത്രത്തിനു നൽകിയ സംഭാവനകൾ വളരെയേറെയാണ്.14 മുതൽ 18 വരെ നൂറ്റാണ്ടുകളിൽ ഭാരതത്തിൽ നിലനിന്നിരുന്ന ഗണിത പാരമ്പര്യത്തിന്റെ പ്രധാന കേന്ദ്രം കേരളമായിരുന്നു.

AD ഏഴാം ശതകത്തിനേത്തുടർന്ന് ഏകദേശം 700 വർഷം മങ്ങിനിന്ന ശേഷമാണ് കേരളീയ ഗണിതശാസ്ത്രരംഗം ഉയർത്തെഴുന്നേറ്റത്.പശ്ചാത്യ രാജ്യങ്ങളിൽ കണ്ടുപിടിക്കപ്പെട്ട കലന ശാസ്ത്രത്തിന്റയും [calculas], സമാന്തര ശ്രേണിയുടെയും[infinit series]ആശയത്തിന് തുടക്കമിട്ടത് നിളയുടെ ഇരുപുറവുമായി കിടക്കുന്ന ഒരു ചെറിയ പ്രദേശത്തിലായിരുന്നു.



# ചരിത്രവും വികാസവും

നാലാം നൂറ്റാണ്ടിൽ കേരളത്തിൽ ജീവിച്ചിരുന്ന ജ്യോതിഷ പണ്ഡിതനും ജ്യോതിശാസ്ത്ര വിദഗ് ദ്ധനുമായ വരരുചി കടപയാദി സംഖ്യ പദ്ധതി പ്രയോഗത്തിൽ വരുത്തി.

കേരളീയ ഗണിതത്തിൽ പ്രാമാണിക ഗ്രന്ഥങ്ങളായി കരുതിയിരിക്കുന്നത് ലീലാവതിയും, ആര്യഭടീയവുമാണ്. AD എട്ടാം നൂറ്റാണ്ടിനോടടുത്ത് കൊടുങ്ങല്ലൂരിൽ ശങ്കരനാരായണൻ **എന്ന ജ്യോതി ശാസ്ത്രജ്ഞൻെറ മേൽനോട്ടത്തിൽ ഒരു മാന നിരീക്ഷണ കേന്ദ്രം ഉണ്ടായിരുന്നു.അതിനെത്തുടർന്ന് `പരഹിതം` എന്ന ഗണന സമ്പ്രദായം കേരളത്തിൽ രൂപംകൊണ്ടു.പരഹിതം ചില സന്ദർഭങ്ങളിൽ അനുചിതമായി വന്നു. ഗ്രഹങ്ങളുടെ സ്ഥാനനിർണയവും യഥാർഥ സ്ഥാനവും തമ്മിലുള്ള വ്യത്യാസം ,ഗ്രഹങ്ങളുടെ സമയ വ്യത്യാസം എന്നിവ ചില പോരായ്മകളായിരുന്നു.ഇതിനു പരിഹാരമായി AD പതിനാലാം നൂറ്റാണ്ടിൽ കേരളീയ ഗണിത ശാസ്ത്രജ്ഞർ**

**രണ്ട് മാർഗങ്ങൾ നിർദേശിച്ചു.**
*ഗണിത ശാസ്ത്രത്തെ സമൂലമായി പരിഷ്കരിക്കുക.
*ഗ്രഹഗതിയെ സമ്പദ്ധിച്ച നിലവിലുള്ള സങ്കല്പങ്ങൾ പുനരവലോഗനം ചെയ്യുക.

ജ്യോത്പത്തി എന്ന പേരിൽ ഭാരതത്തിൽ വികാസം പ്രാപിച്ച ശാഖയാണ് ത്രികോണമിതി.കേരളീയ ഗണിത ശാസ്ത്രജ്ഞൻമാരായ സംഗഗ്രാമ മാധവൻ, നീലകണ്ഠ സോമയാജി എന്നിവർ ഗണസ്ഥാന നിർണ്ണയം,ചലനം,അക്ഷാംശസ്ഥാന നിർണയം മുതലായ ആവശ്യങ്ങൾക്കായി വികസിപ്പിച്ചെടുത്താണ് ഈ ശാഖ ജ്യാ എന്ന പദം അറബികൾവഴി പാശ്ചാത്യ രാജ്യങ്ങളിൽ എത്തിച്ചേരുകയും അവിടെസൈൻ എന്ന പേര് സ്വീകരിക്കുകയും ചെയ്തു. ജ്യാപട്ടിക [sine series], പവർ ശ്രേണി എന്നിവ ഇവർ വികസിപ്പിച്ചെടുത്തു. വ്യാസം ഉപയോഗിച്ച് വൃത്ത പരിതികണ്ടെത്തുവാനായി അനന്ത ശ്രേണി വികസിപ്പിച്ചു. ഇതിനുവഴിവെച്ച ചില കാരണങ്ങൾ വൃത്തപരിതിക്കും വ്യാസത്തിനും**പൊതു പരിമാണം ഇല്ല. എന്ന വസ്തുത പൂർണ്ണ മൂല്യം കണ്ടെത്താൻ സാധിക്കില്ല എന്ന കണ്ടെത്തലിനു വഴിയൊരുക്കികേരളത്തിലെ ജ്യോതിശാസ്ത്ര-ഗണിത പഠനങ്ങള്‌തുടങ്ങിവെച്ചത് സംഗ ഗ്രാമത്തിലെ മാധവൻ ആണ്.**


പരമേശ്വരൻ,നീലകണ്ഠസോമയാജി,
ജ്യേഷ്ഠദേവൻഎന്നിവരും കേരളീയ ഗണിത ശാസ്ത്രത്തിന്
ഒരുപാട് സംഭാവനകൾ തന്നിട്ടുണ്ട്.

കിരൺ പീറ്റർ 10A

# പ്രമുഖവ്യക്തികളുടെ ജീവചരിത്രങ്ങൾ

## വൈക്കം മുഹമ്മദ് ബഷീർ

(1908-1994)



പ്രസിദ്ധ നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമരപോരാളിയും.ബേപ്പൂർ സുൽത്താൻ എന്നുവിളിക്കപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ വൈക്കത്തെ തലയോലപ്പറമ്പിൽ ജനിച്ചു.1930-ൽ കോഴിക്കോട് ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തതിന്റെ പേരിൽ ജയിലിലായി.ഉജ്ജീവനം എന്ന പത്രത്തിലെഴുതിയ തീപ്പൊരിലേഖനങ്ങളാണ് ആദ്യകാല കൃതികൾ.പ്രഭ എന്ന തൂലികാനാമമാണ് അന്ന് അദ്ദേഹം സ്വീകരിച്ചിരുന്നത്.കുറേ വർഷങ്ങൾ ഇന്ത്യയൊട്ടാകെ അലഞ്ഞുതിരിഞ്ഞു.9-ത് വർഷത്തോളം നീണ്ട ഈ യാത്രകളിൽ അദ്ദേഹം പല ഭാഷകളും

ഗ്രഹിച്ചു.പത്മശ്രീ,കേന്ദ്ര-കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ,ലളിതാംബിക അന്തർജ്ജനംഅവാർഡ്,മുട്ടത്ത് വർക്കി അവാർഡ്,വള്ളത്തോൾ പുരസ്കാരം തുടങ്ങിയ ബഹുമതികൾ ലഭിച്ചിട്ടുണ്ട്

പ്രധാന കൃതികൾ

പ്രേമലേഖനം,ബാല്യകാലസഖി,പാത്തുമ്മയുടെ ആട്.

നോവൽ-ഭൂമിയുടെ അവകാശികൾ,കഥാബീജം,ജന്മദിനം.

## ലളിതാംബിക അന്തർജ്ജനം(1909-1987)



ലളിതാംബിക അന്തർജ്ജനം മലയാളത്തിലെ പ്രമുഖ കഥാകാരി,കൊട്ടാരക്കരയിലെ കോട്ടവട്ടത്ത് ജനിച്ചു.കേരള സാഹിത്യ അക്കാദമിയുടെ വൈസ് പ്രസിഡന്റായി സേവന മനുഷ്ഠിച്ചിട്ടുണ്ട്.കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ,വയലാർ അവാർഡ്,ഓടക്കുഴൽ

അവാര്ഡ്,എന്നിവ ലഭിച്ചിട്ടുണ്ട്.

## പ്രധാന കൃതികൾ.

അഗ്നിസാക്ഷി(നോവൽ)മൂടുപടത്തിൽ,തകർന്ന തലമുറ.കിളിവാതിലിലൂടെ,കാലത്തിന്റെ ഏടുകൾ,കണ്ണീരിന്റ പുഞ്ചിരി,അഗ്നിപുഷ്പങ്ങൾ,സത്യത്തിന്റെ സ്വരം,വിശ്വരൂപം,ഇഷ്ടദേവത,പവിത്രമോതിരം,ധീരേന്ദ മജൂംദാരുടെ അമ്മ(ചെറുകഥാസമാഹാരങ്ങൾ).ലളിതാഞ്ജലി ,ഓണക്കാഴ്ച,ഭാവദീപ്തി ,ആയിരത്തിരി(കവിതാസമാഹാരങ്ങൾ)സീത മുതൽ സത്യവതി വരെ(പഠനം).

## ഡോ.എൻ.വി.കൃഷ്ണവാരിയർ(1916-1996)



കവി,പണ്ഡിതൻ,ഭാഷാശാസ്ത്രജ്ഞൻ,പത്രാധിപർ എന്നി നിലകളിൽ പ്രശസ്തൻ.തൃശ്ശൂരിലെ ചേർപ്പിൽ ജനിച്ചു. 1942-ൽ ജോലി രാജിവെച്ച് സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തു.ഒളിവിൽ പോവുകയും സ്വതന്ത്ര ഭാരതം എന്ന പത്രം നടത്തുകയും ചെയ്തു.പിന്നീട് മദ്രാസ് കൃസ്ത്യൻ കോളേജിലും തൃശ്ശൂർ കേരളവർമ്മ കോളേജിലും ലക്ചററായി.1998-75 കാലത്ത് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപക ഡയറക്ടറായിരുന്നു.മാതൃഭൂമി ,കുങ്കുമം,വിജ്ഞാന കൈരളി ,എന്നിവയുടെ പത്രാധിപർ,കേന്ദ്ര-കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ,സോവിയറ്റ്ലാന്റ് നെഹ്റു അവാർഡ് എന്നിവ ലഭിച്ചു.

## പ്രധാന കൃതികൾ

കൊച്ചുതൊമ്മൻ,ഗാന്ധിയും ഗോഡ്സെയും,നീണ്ട കവിതകൾ,കാളിദാസന്റെ സിംഹാസനം(കവിതകൾ)വള്ളത്തോളിന്റെ കാവ്യശില്പം ,സമാകലനം(ലേഖനം)അമേരിക്കയിലൂടെ,ഉണരുന്ന ഉത്തരേന്ത്യ,പുതിയ ചിന്ത സോവിയറ്റ് യൂണിയനിൽ (യാത്രവിവവരണം).

## കുമാരനാശാൻ(1873-1924)



ആധുനിക മഹാകവിത്രയത്തിൽ ഒരാൾ,തിരുവനന്തപുരം ജില്ലയിലെ കായിക്കരയിൽ ജനിച്ചു.പരമ്പരാഗത കാവ്യശൈലിയിൽ നിന്ന് വ്യത്യസ്തമായ കവനചാതുതി പ്രദർശിപ്പിച്ചു കൊണ്ട് മലയാള കവിതയിൽ പുതിയൊരു ഭാവുകത്വത്തിന് തുടക്കം കുറിച്ച പ്രതിഭ.ശ്രീനാരായണ ഗുരുവിന്റെ അരുമ ശിഷ്യനായ കുമാരനാശാൻ എസ്.എൻ.ഡി.പി.യോഗം സെക്രട്ടറി എന്നനിലയിൽ സമൂഹപരിഷ്കരണ പ്രസ്ഥാനത്തിന് നേതൃത്വം വഹിച്ചു.വിവേകോദയം മാസികയുടെ പത്രാധിപരായിരുന്നു.മലയാളത്തിന് പുറമേ സംസ്കൃതം,ബംഗാളി,ഇംഗ്ലീഷ് ,ഭാഷകളിലും പാണ്ഡിത്യമുണ്ടായിരുന്നു.വെയിൽസ്

രാജകുമാരനിൽനിന്ന് പട്ടും വളയും ലഭിക്കുകയുണ്ടായി.

പ്രധാന കൃതികൾ

വീണ പൂവ്,നളിനി,ലീല,പ്രരോദനം,ചിന്താവിഷ്ടയായ സീത.(ഖണ്ഡകാവ്യങ്ങൾ)പുഷ്പവാടി,മണിമാല,ഖനമാല,(കവിതാസമാഹാരങ്ങ ൾ)ബാലരാമായണം,ശ്രീബുദ്ധചരിതം,(കാവ്യങ്ങൾ)സൗന്ദര്യലഹരി(വിവർത്തനം)വിചിത്ര വിജയം,പ്രബോധ ചന്ദ്രോദയം(നാടകങ്ങൾ).

ഉണ്ണായിവാര്യർ(18-ാം നൂറ്റാണ്ട്)



ആട്ടക്കഥയിലെ നിസ്തുലപ്രതിഭ,തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുടിയിൽ അകത്തൂട്ട് വാരിയത്ത് ജനനം.വേദാന്തത്തിലും വൈദ്യത്തിലും സംഗീതത്തിലും

നിപുണനായിരുന്നു.തിരുവിതാംകൂറിലെ മാർത്താണ്ഡവർമ്മ മഹാരാജാവ്,കൊച്ചിരാജാവ്,എന്നിവരുടെ ആശ്രിതനായിരുന്നു.കുഞ്ചൻനമ്പ്യാരുടെയും രാമപുരത്ത് വാരിയരുടെയും സമകാലികൻ.നളചരിതം ആട്ടക്കഥ ഒന്നുകൊണ്ടുമാത്രം മലയാളസാഹിത്യത്തിൽ ശാശ്വതപ്രതിഷ്ഠ നേടി.ക്ലാസിക് പ്രസ്ഥാനത്തിലെ റൊമാന്റിക് കാവ്യമെന്നും റൊമാന്റിക് പ്രസ്ഥാനത്തിലെ ക്ലാസിക് കാവ്യമെന്നും വിശേഷിപ്പിക്കാവുന്ന കൃതിയാണ് നളചരിതം ആട്ടക്കഥ.കഥാപാത്ര നിർമ്മാണ കുശലതയിലും നാടകീയതയിലും ജീവിതവീക്ഷണത്തിലും ഭാവവിഷ്കരണത്തിലും കേരളത്തിലെ ശാകുന്തളം എന്നു വിശേഷിപ്പിക്കപ്പെടാൻ നളചരികതത്തിന് അർഹതയുണ്ട്.ഗിരിജകല്യാണം,രാമപഞ്ചശതി എന്നി കൃതികൾ ഉണ്ണായിവാര്യരുടേതാണെന്ന് അഭിപ്രായമുണ്ട്.

## കുട്ടികൃഷ്ണമാരാർ(1900-1973)

മലയാളസാഹിത്യനിരൂപകരിൽ പ്രമുഖൻ,മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട്ട് ജനിച്ചു.മാതൃഭൂമിയിൽ പ്രൂഫ്റീഡറായിരുന്നു.കല ജീവിതം തന്നെ എന്ന ഗ്രന്ഥത്തിന് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു.വ്യാസഭാരതത്തിലെ കഥാപാത്രങ്ങളെയും

പുലരി

കഥാസന്ദർഭങ്ങളെയും അടിസ്ഥാനമാക്കി രചിച്ച കൃതിയാണ് ഭാരതപര്യടനം.

മറ്റ പ്രധാന കൃതികൾ




മലയാള ശൈലി,സാഹിത്യ സല്ലാപം , സാഹിത്യ ശുക്ഷണം ,രാജാങ്കണം,സാഹിത്യ വിദ്യ,കൈവിളക്ക് ,ചർച്ചയോഗം,ദന്തഗോപുരം, ഋഷിപ്രസാദം,വത്സശില്പം.

ഗോകുൽദാസ് എൻ എച്ച് 10A

# മുതലിമാരൻ മാസ്റ്റർ-

# ഒരു അനുസ്മരണം



**ലേഖനം**

കാപ്പിസെറ്റിന്റെ അക്ഷരസ്വപ്നങ്ങൾക്ക് ചിറകുകൾ നൽകിയ മുതലിമാരൻ മാസ്റ്റർ

മാനന്തവാടി താലൂക്കിൽ വേമം അംശം പടമല ദേശത്ത് മാളിക കാളൻ എന്നറിയപ്പെട്ടിരുന്ന പടമല കാളന്റെ മകനായി ജനിച്ചു.അദ്ദേഹത്തിന്റെ കൃത്യമായ ജനനത്തിയതി ലഭ്യമല്ല.ജനനവർഷം 1900 ആണെന്ന് സാമാന്യ കരുതാം.പയ്യമ്പള്ളിയിലായിരുന്നു തറവാട്ടുകുടുംബം.ചെറുപ്പകാലം കഴിഞ്ഞ്ഞതോടെ പയ്യമ്പള്ളിയിൽ നിന്നും തടിപ്പണിക്കായി നടവയലിലേക്ക് പോന്നു.പിന്നീട് വിവാഹം കഴിച്ച് നടവയലിൽ തന്നെ താമസിച്ചു.

ആദ്യ ഭാര്യയിൽ 3 കുട്ടികളുണ്ടായി.ഭാര്യയുടെ മരണ ശേഷം കുട്ടികളുമായി തറവാട് സ്ഥിതി ചെയ്യുന്ന പയ്യമ്പള്ളിയിലേക്ക് തിരിച്ചുപോന്നു.മീനങ്ങാടിക്കടുത്ത് കുമ്പളേരിയിൽ നിന്ന്2-ാംമത് വിവാഹം

കഴിഞ്ഞു.ഇക്കാലയളവിൽ പണികളിൽ സഹായിക്കാൻ നിന്ന മറ്റൊരു സ്ത്രീയും 3-ാം ഭാര്യയായി കൂടെ കൂട്ടി.

പുൽപ്പള്ളി ദേവസ്വം മാനേജർ കത്തയച്ചു വിളിപ്പിച്ചതിനെ തുടർന്ന് ഭാര്യമാരും 4 കുട്ടികളുമായി പുൽപ്പള്ളിക്ക് പോന്നു.ഇത് ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ച കാലമായിരുന്നു.എല്ലായിടത്തും ആഘോഷങ്ങളും ആഹ്ലാദപ്രകടനങ്ങളും പായസവിതരണവും നടന്നിരുന്നു.പുൽപ്പള്ളിയിലെത്തി മീനംകൊല്ലിയിൽ താമസമാക്കി.ഇവിടെ മാനേജർ 60 ഏക്കർ സ്ഥലം മുതലിമാരൻ കുടുംബത്തിന് നൽകി.മുതലി എന്നത് സ്ഥാനപേരാണ്.മാനേജർ ആവശ്യപ്പെടുന്ന ജോലികളും അമ്പലത്തിലെ നിർമ്മാണ-ശുചീകരണ ജോലികളും ഇവർ ചെയ്യേണ്ടിയിരുന്നു.അമ്പലത്തിലെ ജോലികൾക്ക് കൂലിയായി പ്രത്യേകിച്ചൊന്നും ലഭിച്ചിരുന്നില്ല.

**ഇക്കാലയളവിൽ പുൽപ്പള്ളിയിലേക്ക് വൻ തോതിൽ കുടിയേറ്റം ആരംഭിച്ചിരുന്നു.ഇത് കണ്ട മാനേജർ മറ്റുള്ളവർ ധാരാളമായി വന്ന് സ്ഥലം കൈയ്യേറുന്നുണ്ട് ,നിങ്ങൾക്കാവശ്യമുള്ളത് നിങ്ങളും വെട്ടിയെടുക്കണം.ഇല്ലെങ്കിൽ അവസാനം സ്ഥലം കിട്ടാതെ വരും എന്ന് പറഞ്ഞതിനെ തുടർന്ന് മുതലിമാരനും കൂട്ടരും കാപ്പിസെറ്റിൽ വന്ന് 100 ഏക്കർ സ്ഥലം വെട്ടിത്തെളിച്ച് സ്വന്തമാക്കി.ഇരുമ്പ് പണി ,കൊട്ട നെയ്ത്ത്,മൺപാത്ര നിർമ്മാണം,മുതലായവയായിരുന്നു**

**പ്രധാന ജോലികൾ.ഇരുമ്പു പണിയിൽ പ്രത്യേകിച്ച് നാടൻ കലയുടെ കൊഴു നിർമ്മിക്കുന്നതിൽ മുതലിമാസ്റ്റർ വിദഗ്ധനായിരുന്നത്രേ!നെല്ല് കൂടാതെ ചാമ ,തെന,മുത്താറി എന്നിവയും കൃഷി ചെയ്തിരുന്നു.**

## ജീവൻ ഹനിക്കുന്ന വിപത്ത്

ആധുനിക സമൂഹത്തെ കാർന്ന് തിന്നുന്ന ഒരു സാമൂഹ്യവിപത്തായി മാറികൊണ്ടിരിക്കുകയാണ് നവമാധ്യമങ്ങൾ. ഇന്നത്തെ യുവതലമുറയുടെ ഭാ- വി തീരുമാനിക്കുന്നത് പോലും നവമാധ്യമങ്ങളാണ്. നമ്മുടെനാട്ടിൽ നടക്കുന്ന കുറ്റകൃത്യങ്ങളുടെപോലും മൂല കാരണം നവമാധ്യമങ്ങളുടെ സ്വാധീനമാണ്.

വ്യാജ വാർത്തകളും മറ്റും പ്രചരിപ്പിക്കാൻ സാമൂഹ്യ വിരുദ്ധർ ഏറ്റവും കൂടുതൽ ഉപയോഗി-ക്കുന്നതും ഇതുതന്നെയാണ്. ആധുനികതയിലേക്ക് കുതിച്ചുചാട്ടം നടത്തിക്കൊണ്ടിരിക്കുമ്പോഴും മനുഷ്യൻ ഈ ചതിക്കുഴികളിൽ വീണു പോകുന്നതെന്തുകൊണ്ടാണ്? കേവലം ആശയ വിനിമയത്തിനും വിനോദങ്ങൾക്കുമുള്ളതായ ഇത്തരത്തിലുള്ള മാധ്യമങ്ങളെ ലോകജനതയാകെ ചൂഷണം ചെയ്യുകയാണ്.

## *സവിശേഷതകൾ*

*ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾ പോലെ നവ മാധ്യമങ്ങൾക്കും ഗുണവും ദോഷവുമുണ്ട്.ഇന്ന് ലോകത്തിൽ എല്ലായിടത്തും വ്യാപിക്കുന്നു. ലോകത്തെ മനുഷ്യൻ വിരൽ തുമ്പിൽ കൊണ്ടുനടക്കുന്നു. വിരലില്ലാത്ത മനുഷ്യരുടെ ജീവിതംഇന്നത്തെ കാലഘട്ടത്തിൽ അസാധ്യമാണ്.ഒരുപാട് നല്ല സുഹൃദ്*

ബന്ധങ്ങൾ ലോകത്തിൻെറ ഏത്
കോണിലുള്ളവരോടും നമുക്ക് സാധിക്കും.എത്ര
അകലെയുള്ള വ്യക്തിയുമായും
ആശയവിനിമയം നടത്താം.
നമുക്കറിയാത്ത ഏത് മേഖലയിലുള്ള എന്തു
കാര്യവുമായിക്കൊള്ളട്ടെ നിഷ്പ്രയാസം
നമുക്കതിൽ തിരഞ്ഞ് കണ്ടു പിടിക്കാം.
നമ്മുടെ കഴിവുകൾ മറ്റുള്ളവർക്ക് മുൻപിൽ
തുറന്ന് കാട്ടാനും നവ മാധ്യമങ്ങൾ
സഹായിക്കും.വീട്ടമ്മയായിരുന്ന ചന്ദ്രലേഖ
എന്ന സ്ത്രീ ഒരുഗായികയായി മാറിയത്
മാധ്യമങ്ങളുടെസഹായത്തോടെയാണ്
.അവർ ഇന്ന് അറിയപ്പെടുന്ന ഒരു
ഗായികയാണ്. വാട്സ് ആപ്പ്
ഫേയിസ് ബുക്ക് കൂട്ടായിമകളിലൂടെ
അനേകായിരം വ്യക്തികൾ വീടും
ചികിൽസ ചെലവും സ്വരൂപിച്ച്

കൊട്ടത്തതിന് എണ്ണിയാൽതീരാത്തത്ര ഉദാഹരണങ്ങളും നമുക്ക്മുമ്പിലുണ്ട്

## കൂട്ടായ്മ

കേരളത്തെ ഒന്നടങ്കം വിറപ്പിച്ച മഹാ പ്രളയത്തിലും അനേകായിരങ്ങൾക്ക് തുണയായത് ഇത്തരം കൂട്ടായ്മകളാണ് . ചിലരെ മരണത്തിൽ നിന്ന് തിരിച്ച് ജീവിതത്തിലേക്ക്,വേറെചിലർക്ക് വീട്, ഭക്ഷണം,വസ്ത്രം ഇതെല്ലാം എത്തിച്ച്നൽകാൻ ഇത്തരം സൗഹൃദ കൂട്ടായ്മകൾ ഉപകാരപ്രദമായി വർത്തിച്ചു സമൂഹത്തിൽ നടക്കുന്നഏതൊരക്രമത്തിനും അനീതിക്കുമെതിരായി പോരാടാൻ സമൂഹ മാധ്യമങ്ങൾ വഴിയൊരുക്കുന്നു. ഇന്ന് പുസ്തകങ്ങൾ പോലും ആരും വാങ്ങുന്നില്ല.

കാരണം അവയെല്ല



സഞ്ജീകരണങ്ങൾളുള്ള ഒരു ഫോണിലോ അല്ലങ്കിൽ കംമ്പ്യൂട്ടറിലോ ലഭിക്കും. ഇത്രയും പുരോഗമിച്ചിരിക്കുന്നു നമ്മുടെ നാടിന്ന്. നമുക്കറിയാത്ത

കാര്യങ്ങൾ വെറുതെ ഒന്ന് അടിച്ചുനോക്കിയാൽഅതിൻെറ വിശദ വിവരം നമുക്ക് നിഷ്പ്രയാസംമനസ്സിലാക്കാം ഇത്രയും ഉപകാരപ്രദമായനവമാധ്യമങ്ങൾ. എങ്ങനെയാണ് ഒരു സമൂഹികവിപത്തായി മാറുന്നത്.

## ആരോഗ്യ പ്രശ്ണങ്ങൾ

ഇന്നത്തെ യുവതലമുറയുടെ തല - ഉയർന്നു നിൽക്കില്ല എന്ന് പറഞ്ഞപഴമ-

ക്കാർ പരിഹസിക്കുന്നത് കേൾക്കാം.
കാരണം അവർ മുഴുവൻ സമയവും കൈ-
യിലുള്ള മൊബൈയിൽ ഫോണിലേക്കാണ്
നോക്കുന്നത്. ചിതൽ എങ്ങനെയാണോ
ആഹാരംകഴിക്കുന്നത് അതുപോലെയാ-
ണ് നവമധ്യമങ്ങൾ ഇന്നത്തെ സമൂഹത്തെ-
കാർന്ന് തിന്നുന്നത്ത്. വ്യാജ വാർത്തകളും-
വ്യാജ സന്ദേശങ്ങളും മെല്ലാം ഒരുക്കി വച്ച്-
ഒരു പാട് ചതിക്കുഴികൾ അവിടെ നമ്മെ-
കാത്തിരുപ്പുണ്ട്. പത്തിൽ ഒൻപത് പേരും
**അതിൽ വീണുപോകുന്നവരാണ്............?**

നവ്യ ജോൺ

10b

## ഒരു ഗണിതകഥ

ഗൗസ് എന്ന ഗണിതശാസ്ത്രജ്ഞനെക്കുറിച്ച് കേട്ടിട്ടില്ലേ?നന്നേ ചെറുപ്പത്തിൽത്തന്നെ ഗണിതത്തിൽ ഇദ്ദേഹം അസാധാരണമായ കഴിവു പ്രകടിപ്പിച്ചിരുന്നുവേത്രെ. അതിനെക്കു-റിച്ചൊരു കഥയുണ്ട്.

ഗൗസിനു പത്തു വയസ്.

ക്ലാസിലെ അധ്യാപകൻ,കുട്ടികളെ അടക്കിയി-രുത്താനായി ഒന്നു മുതൽ നൂറുവരെയുള്ള സംഖ്യകളെല്ലാം കൂട്ടി തുക കാണാൻ പറഞ്ഞു. വളരെപ്പെട്ടെന്നു തന്നെ കൊച്ചു ഗൗസ് ഉത്തരം പറഞ്ഞു:5050.ഇങ്ങനെ വിശദീകരിക്കു-കയും ചെയ്തു.'1'ഉം'100'ഉം'101'; അതുപോലെ'2'ഉം '99'ഉം'101'; ഇങ്ങനെ 50 ജോടികൾ.

ആകെ തുക

50*101=5050

# നിയമത്തിന്റെ ഭാഷ

ഒരു ശ്രേണിയിലെ പദങ്ങളെല്ലാം കണ്ടുപിടിക്കണമെ-ങ്കിൽ,ശ്രേണിയുടെ നിയമം വ്യക്തമാക്കണമെന്നു കണ്ടല്ലോ.ഈ നിയമം ബീജഗണിതത്തിൽപ്പറയുന്ന ഉദാ-ഹരണങ്ങളും കണ്ടു.എന്നാൽ,ചില ശ്രേണികളുടെ നിയമം ബീജഗണിതരൂപത്തിലെഴുതാൻ കഴിയില്ല. ഉദാഹരണമായി,2,3,5,7,11,13,17....... എന്നു തുടരുന്ന അഭാജ്യസംഖ്യകളുടെ ശ്രേണിയിലെ ഒരു നിശ്ചിതസ്ഥാ-നത്തെ പദം കണ്ടുപിടിക്കാനുള്ള ഒരു ബീജഗണിതവാചകം ഇതുവരെ കണ്ടുപിടിച്ചിട്ടില്ല.

അതുപോലെ,പൈയുടെ ദശാംശരൂപത്തിൽ വരുന്ന 3,1,4,1,5,9,........ എന്ന ശ്രേണിയിലേയും ഒരു നിശ്ചിതസ്ഥാനത്തെ പദം കണ്ടുപിടിക്കാനുള്ള ബീജഗ-ണിത വാചകമൊന്നുമില്ല. ഇത്തരം സന്ദർഭങ്ങളിൽ

ശ്രേണിയുടെ നിയമം, സാധാരണ ഭാഷയിൽ പറയാനേ നിവൃത്തിയുള്ളൂ.


## _ടോളമി സിദ്ധാന്തം

ചക്രീയചതുർഭുജത്തിൻെറ എതിർവശ ജോടികളുടെ ഗുണനഫലത്തിൻെറ തുക,വികർണങ്ങളുടെ ഗുണനഫല-ത്തിനു കാണാം.അതായത് ABCD എന്ന ചതുർഭുജം ചക്രീയമാണെങ്കിൽ

(AB*CD)+(AD*BC)=AC*BC

മറിച്ച്,ഏതെങ്കിലും ചതുർഭുജത്തിൽ ഇതുശരിയാണെ-ങ്കിൽ,ആ ചതുർഭുജം ചക്രീയമാണ്.ടോളമി സിദ്ധാന്തം (ptolemys theovem)എന്നാണ് ഇത് അറിയപ്പെടുന്നത്. ചതുരം ചക്രീയമാണല്ലോ. ചതുരത്തിൽ എതിർ വശങ്ങൾ തുല്യവുമാണ്:വികർണങ്ങളും തുല്യമാണ്. അപ്പോൾ ABCD ചതുരമാണെങ്കിൽ ഈ സിദ്ധാന്തമനുസരിച്ച് AB+BC=AC ഇത് പൈഥാഗറസ് സിദ്ധാന്തമല്ലേ?

# ന്യൂട്ടൺ



പ്രകൃതിനിയമങ്ങൾ വ്യാഖ്യാനിക്കേണ്ടത് ഗണിതത്തിലൂടെയാണെന്ന ചിന്ത ആദ്യം അവതരിപ്പിചത് പതിനാറാം നൂറ്റാണ്ടിൽ ഗലിലെയോത്തുണ്.ഈ ചിന്തയുടെ ഏറ്റവും മികച്ച പ്രകാശനമാണ് പതിനേഴാം നൂറ്റാണ്ടിൽ ന്യൂട്ടൻ പ്രസിദ്ധീകരിച്ച പ്രകൃതിതത്വങ്ങളുടെ ഗണിതനിയമങ്ങൾ എന്ന ഗ്രന്ഥം . ചലനത്തിൻെറ ഗണിതനിയമങ്ങളും വിശ്വാകർഷണ നിയമവും ഇതിലാണ്ന്യൂട്ടൻ അവതരിപ്പിച്ചത് ഇതിനായി പുതിയചില ഗണിതരീതികൾതന്നെ അദ്ദേഹം കണ്ടു പിടിച്ചു. ഈ രീതികൾ പിന്നീട് കലനം എന്നൊരു ഗണിതശാഖയായി വളർന്നു.

ആതിരഎം.എസ്സ്

10-എ

# ഇന്റർനെറ്റിന്റെ ദൂഷ്യവശങ്ങൾ

ഒരു സമൂഹത്തിന്റെ നട്ടെല്ല് എന്ന് പറയുന്നത് ആസമൂഹത്തിലെ കൗമാര പ്രയക്കാരായ കുട്ടികളാണ്.അവരാണ് സമൂഹത്തിലെ ഏറ്റവും ചുറുചുറുക്കുള്ളവരാണ്.എന്നാൽ ഇന്റർനെറ്റിന്റെ ദൂഷ്യവശങ്ങൾ ഏറ്റവും കൂടുതൽ കാർന്നതിന്നുന്നത് നമ്മുടെ യുവതലമുറയെയാണ്.അതിനുള്ള പ്രധാന കാരണം മൊബൈൽ ഫോണുകളാണ്. നമ്മുടെ യുവതലമുറയെ ആകർഷിക്കാൻ മൊബൈൽ ഫോണുകൾക്കായിട്ടുണ്ട്.വലിയൊരു ശാഖയാണ്.ഇന്റർനെറ്റ്.എന്നാൽ അതിൽ നിന്ന് നാം തിരഞ്ഞു പിടിക്കുന്നതോ?ഏറ്റവും മോശം കാര്യങ്ങളും.

ഇന്ന് സമൂഹത്തിൽ കൗമാരക്കാരായ യുവാക്കൾ നടത്തുന്ന മിക്ക കുറ്റ കൃത്യങ്ങളുടെയും പിന്നിൽ ഇന്റർനെറ്റിന് എന്തെങ്കിലും പങ്കുണ്ടാകും.ഇന്നത്തെ മാതാപിതാക്കളെ തന്നെയെടുക്കാം,തങ്ങളുടെ മക്കളുടെ സന്തോഷത്തിനായി അവർ മക്കൾക്ക് മൊബൈലും

കംപ്യൂട്ടറും,ലാപടോപ്പുമെല്ലാം മേടിച്ച് കൊടുക്കും.എന്നാൽ അത് അവരുടെ ഭാവിയെയാണ് ഇല്ലാതാക്കുന്നത്.

**കുറ്റകൃത്യങ്ങൾ തടയാൻ പോലീസും സർക്കാരുകളും ശ്രമിക്കുന്നുണ്ട്.**

നവ്യ ജോൺ 10A

# പത്തു പത്തിരി

പത്തു  പത്തിരി ചുട്ടമ്മ
പത്തായത്തില്  വച്ചമ്മ
ഒന്നെ രണ്ടേ മൂന്നേ നാലേ
അഞ്ചു വിഴുങ്ങി പൂച്ചമ്മ
ആറേ ഏഴേ എട്ടേ ഒമ്പതേ
പത്തും വിഴുങ്ങി പൂച്ചമ്മ !



# വളപ്പൊട്ടുകൾ

സഞ്ചിയിലുണ്ട് വളപ്പൊട്ട്
കണ്ണഞ്ചുന്ന വളപ്പൊട്ട്
ഒന്നേ-രണ്ടേ-മൂന്നേ-നാലേ
അഞ്ചായ് നല്ല വളപ്പൊട്ട്
ആറേ-ഏഴേ-എട്ടേ-ഒമ്പതേ
പത്തായ് നല്ല വളപ്പൊട്ട്!



# സ്റ്റുഡന്റ് പോലീസ് കേഡറ്റ്സ് പച്ചക്കറി വിളവെടുപ്പിനിടയിൽ



# ജൈവവൈവിധ്യ പാർക്കിന്റെ സുഖ ശീതളതയിൽ



## എസ് എസ് എൽ സി വിദ്യാർത്ഥികളുടെ മോട്ടിവേഷൻ ക്ലാസ്സ്



# OUR SPECIALITIES



# മുതലിമാരൻ മെമ്മോറിയൽ ഗവ: ഹൈസ്കൂൾ

സ്റ്റുഡന്റ് പോലീസ് കേഡറ്റ് (SPC)
ലിറ്റിൽ കൈറ്റ്സ്
പഠന ക്യാമ്പുകൾ
സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
സ്മാർട്ട് ക്ലാസ്സ് റൂമുകൾ
പെൺകുട്ടികൾക്ക് കളരി - കരാത്തെ പരിശീലനം
യോഗ പരിശീലം
കൗൺസലിംഗ് സൗകര്യം
ചിട്ടയായ അധ്യാപനം
കലാ-കായിക,പ്രവർത്തി പരിചയത്തിന്
മികച്ച പരിശീലനം
ഫീൽഡ് ട്രിപ്പുകൾ

# നന്ദി




സഹകരിച്ചവർക്കും

സഹചരിച്ചവർക്കും

നന്ദി